**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 7435 14/07/2014-ൽ മറുപടിയ്ക്ക്

# ജാതി കർഷകരെ സഹായിക്കുന്നതിനായി നടപടി

| ചോദ്യം<br>ശ്രീ. ജോസ് തെറ്റയിൽ | മറുപടി<br>**ശ്രീ . കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)** |
|---|---|
| എ) ജാതികർഷകരെ സഹായിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | എ) ജാതികർഷകരെ സഹായിക്കുന്നതിനായി സംസ്ഥാന കൃഷി വകുപ്പ് ഗുണമേന്മയുള്ള ജാതിതൈകൾ (ഗ്രാഫ്റ്റുകൾ) ഉൽപാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്യുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ ജാതി കൃഷി ചെയ്യുന്നതിന് ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതി പ്രകാരം ധനസഹായം നൽകുന്നുണ്ട്. |
| ബി) എങ്കിൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ? | ബി) 2013-14 വർഷത്തിൽ 23 ലക്ഷം രൂപ ചെലവഴിച്ച് കൃഷി വകുപ്പിന്റെ 11 കൃഷി ഫാമുകൾ 7.25 ഹെക്ടർ സ്ഥലത്ത് ജാതി ഗ്രാഫ്റ്റ് തൈകളുടെ ഉൽപ്പാദനത്തിന് ആവശ്യമായ പ്രോജനി ഓർച്ചാർഡ് വച്ച് പിടിപ്പിക്കുകയുണ്ടായി.<br>അങ്കമാലി മേഖലയിലെ ജാതി കൃഷിക്ക് രോഗ ബാധയുണ്ടായപ്പോൾ ടി മേഖലയിലെ ജാതി കർഷകർക്കായി രോഗ നിയന്ത്രണത്തിന് സ്വീകരിക്കേണ്ട മാർഗ്ഗങ്ങളെക്കുറിച്ച് ബോധവൽക്കരണ സെമിനാറുകളും ചർച്ചാ ക്ലാസുകളും നടത്തുകയും മരുന്ന് തളിക്കുന്നതിന് ആവശ്യമായ റോക്കർ സ്പ്രേയറുകൾ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.<br>2014-15 സാമ്പത്തിക വർഷത്തെ ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതി പ്രകാരം ഹോർട്ടിക്കൾച്ചർ വിളകളുടെ വിളവിസ്തൃതി വ്യാപനം എന്ന ഘടകത്തിൽ ഉൾപ്പെടുത്തി സുഗന്ധവ്യഞ്ജന വിളകളായ കുരുമുളക്, ജാതി മുതലായ വിളകൾക്ക് ഹെക്ടർ ഒന്നിന് മൊത്തം പദ്ധതി ചെലവായ 50000/- രൂപയുടെ 40 ശതമാനമായ 20000/- രൂപ ധനസഹായമായി നൽകുന്നു. ഇത് ഒരു കർഷകന് പരമാവധി 4 ഹെക്ടർ സ്ഥലം കൃഷി ചെയ്യുന്നതിനാണ് നൽകുന്നത്.<br>ഇപ്രകാരം 250 ഹെക്ടർ സ്ഥലത്ത് സുഗന്ധവ്യഞ്ജന വിളകളായ കുരുമുളക്, ജാതി മുതലായവ കൃഷി ചെയ്യുവാൻ അനുമതി ലഭിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**